(ബി) ഉണ്ടെങ്കിൽ എന്താണു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ടു്.

(ബി) തുക്കർ ഡിസ്ട്രിക്ട് കളക്ടരോടു് പപ്പുവിന്റെ മരണത്തിനു് ആസ്പദമായ വിവരങ്ങളെപ്പറ്റി അന്വേഷിച്ചു് ഗവണ്മെൻറിനു് ഒരു റിപ്പോർട്ടു് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടു്.

തമിഴ്നാട്ടു് പ്രക്ഷോഭണം സംബന്ധിച്ചുള്ള അന്വേഷണം.

* 99. [42] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

തമിഴ്നാട്ടു് പ്രക്ഷോഭണം സംബന്ധിച്ചുണ്ടായ അനിഷ്ടസംഭവങ്ങളെപ്പറ്റി എന്തെങ്കിലും അന്വേഷണം ഈ മന്ത്രിസഭയുടെ കാലത്തു് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : പ്രത്യേക അന്വേഷണങ്ങളൊന്നും നടത്തിയിട്ടില്ല.

മരിച്ചീനി സഹകരണസംഘങ്ങൾ.

* 100. [43] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് പുതുതായി എത്ര മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു് ;

(ബി) ഈ സംഘങ്ങൾ എന്തു പ്രവർത്തനമാണു് നടത്തുന്നതു്;

(സി) മരച്ചീനിമാവു് കൊണ്ടുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനം എത്തുവരെയായി ;

(ഡി) സാഗോ ഫാക്ടറിയും ഗ്ലൂക്കോസു് ഫാക്ടറിയും എന്നു് തുടങ്ങാൻ കഴിയുമെന്നാണു് പ്രതീക്ഷിക്കുന്നതു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) പുതുതായി 194 മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(ബി) ഗവണ്മെൻറിനു് വിൽക്കാനായി കൂപ്പു വിലയ്ക്കെടുക്കുന്നു.

(സി) ഈ കാര്യത്തെപ്പറ്റി 'മരച്ചീനി വിപണി വികസന ബോർഡു്' പരിഗണിച്ചുകൊണ്ടിരിക്കുന്നു.

(ഡി) ഇതു് സംബന്ധിച്ചു് തീരുമാനമായിട്ടില്ല.

കാർഷിക കാളേജു്.

* 101. [45] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഒരു കാർഷിക കാളേജു് സ്ഥാപിക്കുവാൻ കേന്ദ്രഗവണ്മെൻറിനോടു് ഈ ഗവണ്മെൻറു് എന്തെങ്കിലും ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്താണ് ; ഫലമെന്തായി ;

(സി) വെള്ളായണിയി ൽ സ്ഥാപിക്കുവാനുദ്ദേശിച്ചിരുന്ന പ്രസ്തുത സ്ഥാപനത്തിന്റെ ഒരു ശാഖ ഒല്ലൂക്കര മാറ്റുവാനിടയാക്കിയ സാഹചര്യങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) ഈ മാറ്റത്തിനെതിരായി എന്തെങ്കിലും നിവേദനങ്ങൾ ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നു് നടപടി സ്വീകരിച്ചു ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ടു്.

(ബി) കാർഷികകോളേജു് സ്ഥാപിക്കുന്നതിനു് ആദ്യത്തെ മൂന്നു് വർഷത്തേക്കു വേണ്ടിവരുന്ന (ആവർത്തിക്കപ്പെടാത്തുള്ള– Non-recurring) ചെലവു് 75 ശതമാനം ചെലവു് കേന്ദ്രഗവണ്മെന്റു് വഹിക്കാമെന്നു് സമ്മതിച്ചിട്ടുണ്ടു്.

(സി) വെള്ളായണിയിൽ സ്ഥാപിച്ച കാർഷിക കോളേജും, ഒല്ലൂക്കര സ്ഥാപിച്ചിരിക്കുന്ന മൃഗചികിത്സാ കോളേജും രണ്ടു് സ്വതന്ത്ര സ്ഥാപനങ്ങളാണു്.

വെള്ളായണിയിൽ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ചു് വേണ്ട സൗകര്യങ്ങൾ ഉള്ളതിനാൽ അവിടെ ഒരു കാർഷിക കോളേജു് സ്ഥാപിച്ചു.

അതേ സമയംതന്നെ ഒല്ലൂക്കര സെൻട്രൽ ഫാമിൽ ഒരു മൃഗചികിത്സാ കോളേജു് സ്ഥാപിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ ഉള്ളതിനാൽ അവിടെ ഒരു മൃഗചികിത്സാ കോളേജും സ്ഥാപിച്ചു.

(ഡി) (സി) ഭാഗം ചോദ്യത്തിനു നൽകിയിരിക്കുന്ന ഉത്തരത്തിലെ കാരണങ്ങളിൽ അത്തരം നിവേദനങ്ങൾ പരിഗണനാർഹങ്ങളായിരുന്നില്ല.

ഗ്രാൻറു്.

* 102. [48] ശ്രീ. സി. ഒ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടിൽ വ്യവസായസംഘങ്ങൾക്കും, ഗ്രാമപുനരുദ്ധാരണ കേന്ദ്രങ്ങൾക്കും മറ്റും ഗ്രാൻറു് നൽകുന്നതിൽ വരുന്ന കാലതാമസം ഇല്ലാതാക്കാനും അനുവദിക്കുന്ന തുക ലാപ്സാകാതിരിക്കാനും ഗവണ്മെന്റു് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ബി) പുതിയ നടപടിക്രമം അനുസരിച്ചു് നേരത്തെയുള്ള സഹായ അപേക്ഷകൾക്കു് മുൻഗണന നൽകുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഗ്രാൻറു് നൽകുന്നതിൽ കാലതാമസം ഇല്ലാതാക്കുവാനും തുക ലാപ്സായി പോകാതിരിക്കുവാനുമായി അപേക്ഷ കേൾക്കേണ്ടതിനും മറ്റും ക്രിയാസമയം നിർദ്ദേശിച്ചിട്ടുണ്ടു്. അപേക്ഷകൾ ജൂലൈ 31-ാംതീയ്യതിക്കു മുമ്പു് വ്യവസായ ഡയറക്ടർക്കു് കിട്ടേണ്ടതും ഫെബ്രുവരി 15-ാംതീയ്യതിക്കു മുമ്പു് ഗവണ്മെന്റു് സാംഗ്ഷൻ അയയ്ക്കേണ്ടതുമാണു് എന്നു് വ്യവസ്ഥചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly